**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4823** **20-07-2022 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് വകുപ്പിലെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് വകുപ്പിൽ സാങ്കേതിക വിഭാഗം ജീവനക്കാരുടെ ഒഴിവുകൾ ഉണ്ടായിട്ടും യഥാസമയം സ്ഥാനക്കയറ്റം നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പരിശോധിച്ചുവരുന്നു. |
| (ബി) | സാങ്കേതിക വിഭാഗം ജീവനക്കാരുടെ സ്ഥാനക്കയറ്റവുമായി ബന്ധപ്പെട്ട് എത്ര കേസുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | 7 കേസുകൾ നിലവിലുണ്ട്. |
| (സി) | അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ), ഫസ്റ്റ് ഗ്രേഡ് ഓവർസിയർ (സിവിൽ), സെക്കന്റ് ഗ്രേഡ് ഓവർസിയർ (സിവിൽ) എന്നീ തസ്തികകളിൽ സ്ഥാനക്കയറ്റം വഴി നികത്തേണ്ട ഒഴിവുകളുടെ എണ്ണം വ്യക്തമാക്കാമോ; | (സി) | അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) - 21<br><br>ഒന്നാംതരം ഓവർസീയർ (സിവിൽ) - 28<br><br>രണ്ടാം തരം ഓവർസീയർ (സിവിൽ) - ഒഴിവുകൾ നിലവിലില്ല. |
| (ഡി) | പ്രസ്തുത ഒഴിവുകൾ നികത്താത്തതിന് കാരണം വ്യക്തമാക്കാമോ; ഒഴിവുകൾ നികത്താൻ എത്ര സമയം വേണമെന്ന് അറിയിക്കാമോ; | (ഡി) | അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ സ്ഥാനക്കയറ്റം നൽകുന്നതിനുള്ള ഡി.പി.സി കഴിഞ്ഞിട്ടുണ്ട്. സെലക്ട് ലിസ്റ്റ് തയ്യാറാക്കി കാലതാമസം കൂടാതെ ഒഴിവുകൾ നികത്തുന്നതാണ്. ഒന്നാംതരം ഓവർസീയർ (സിവിൽ) തസ്തികയിൽ സ്ഥാനക്കയറ്റം ലഭിക്കേണ്ട ഉദ്യോഗസ്ഥരുടെ വിവരം ശേഖരിച്ചുവരുന്നു. ആയത് ലഭ്യമായാലുടൻ സ്ഥാനക്കയറ്റം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (ഇ) | സാങ്കേതിക വിഭാഗം ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകിയതിലുള്ള അപാകതകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (ഇ) | സ്ഥാനക്കയറ്റം നൽകിയതിലുള്ള അപാകതകളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ